# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ :32**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്താബ്ദം 2021 ഒക്ടോബർ മാസം 13,14,15 (ബുധൻ,വ്യാഴം,വെള്ളി) തീയതികളിൽ തിരുവല്ലാ ഡോ.അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നിന്ന് **സൂം വെബിനാറിലൂടെ ഓൺലൈനായി** നമ്മുടെ അദ്ധ്യക്ഷതയിൽ നടന്ന പ്രതിനിധി മണ്ഡലയോഗത്തിൽ ചെയ്തവയും സഭാ ഭരണഘടന 107–ാം വകുപ്പിൻ പ്രകാരം എപ്പിസ്കോപ്പാമാരുടെ സംഘം 2021 ഒക്ടോബർ മാസം 18, 19, 20 തീയതികളിൽ കൂടി അംഗീകരിച്ചവയുമായ നിശ്ചയങ്ങളും തീരുമാനങ്ങളും ഏവരുടെയും അറിവിനായി താഴെ ചേർത്ത് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. അവയിലെ താൽപര്യപ്രകാരം സഭയുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ കാര്യങ്ങളും നടത്തുകയും നടത്തിക്കുകയും ചെയ്യേണ്ടതാണെന്ന് നാം ഈ കല്പന മൂലം അറിയിക്കുന്നു.

കൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ.

2021 ഒക്ടോബർ മാസം 21–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

## 2021 ഒക്ടോബർ മാസം 13,14,15 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നിന്ന് സൂം വെബിനാറിലൂടെ ഓൺലൈനായി നടന്ന സഭാ പ്രതിനിധി മണ്ഡലയോഗ തീരുമാനങ്ങൾ

**സഭാ ഭരണഘടന 390 (A) വകുപ്പിൻ പ്രകാരം ഉള്ള തീരുമാനം 390 (C) അനുസരിച്ചുള്ള അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ പ്രസ്താവന**

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 351-ാം നമ്പർ സർക്കുലർ കല്പന പ്രകാരം 2020 March 31-നു, 2017-2020 മണ്ഡലത്തിന്റെ കാലാവധി അവസാനിക്കുകയും 2020 ഏപ്രിൽ 1 മുതൽ 2020-2023 കാലഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മണ്ഡലാംഗങ്ങൾക്ക് 2020 ഏപ്രിൽ 1 മുതൽ ഇടവക കൈസ്ഥാന സമിതിയിൽ അംഗത്വം നൽകുകയും ചെയ്തിരുന്നതാണ്. ലോകമെമ്പാടും വ്യാപിച്ച കോവിഡ് 19 മഹാമാരിമൂലം 2020 സെപ്റ്റംബർ 2,3,4 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന മണ്ഡലയോഗം മാറ്റിവച്ച വിവരം ഭരണ ഘടന 64-ാം വകുപ്പനുസരിച്ച് എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചന പ്രകാരവും 367 -ാം നമ്പർ സർക്കുലർ കല്പന പ്രകാരവും എല്ലാ ഇടവകകളേയും സഭാ പ്രതിനിധി മണ്ഡലാംഗങ്ങളേയും അറിയിച്ചിരുന്നതാണ്. കോവിഡ് 19 പശ്ചാത്തലത്തിൽ 2020 മാർച്ച് മാസം National Lockdown പ്രഖ്യാപിക്കുകയും, തുടർന്ന് കോവിഡ് പ്രോട്ടോക്കോൾ നിലവിൽ വരികയും ചെയ്തു. തന്മൂലം സഭാ ഭരണഘടന പ്രകാരം സഭാ പ്രതിനിധി മണ്ഡലം സമ്മേളിക്കുന്നതിന് സാധ്യമാകാതിരുന്നതിനാൽ ഭരണഘടന 104, 128, 129, 164 എന്നീ വകുപ്പുകൾ അനുശാസിക്കുന്ന പ്രകാരം 2019-2020 വർഷത്തിലെ വാർഷിക സമ്മേളനം കൂടി വാർഷിക റിപ്പോർട്ടും തെരട്ടും ബഡ്ജറ്റും സമർപ്പിച്ച് പാസ്സാക്കുന്നതിനും സഭയുടെ ഔദ്യോഗിക ഭാരവാഹികൾ, സഭാ കൗൺസിൽ, വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി എന്നീ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിച്ചിട്ടില്ലാത്തതുമാകുന്നു.

മെത്രാപ്പോലീത്തായുടെ 01.12.2020 ലെ 3-ാം നമ്പർ സർക്കുലർ കല്പന പ്രകാരം ഇടവകകളിൽ നിന്നുള്ള മണ്ഡലാംഗങ്ങളുടെയും ഭദ്രാസന അസംബ്ലി അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് ഡിസംബർ 31-ന് മുമ്പ് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നു. കൂടാതെ സഭാ ഭരണഘടന 319 വകുപ്പനുസരിച്ച് 2021 ജനുവരി 15-ന് മുമ്പ് പുതുക്കിയ ഇടവക സംഘാംഗ രജിസ്റ്ററിന്റെ പകർപ്പ് പ്രസിദ്ധീകരിച്ച് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ഇടവകകളിലെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ് എന്നറിയിക്കുകയും ചെയ്തു.

തുടർന്ന് 2021 ജനുവരി 12-ന് കൂടിയ സഭാ കൗൺസിൽ സഭാ ഭരണഘടന 104-ാം വകുപ്പനുസരിച്ച് അടുത്ത മണ്ഡലയോഗം കൂടുന്നതു സംബന്ധിച്ച് വിശദമായ ചർച്ച നടത്തിയെങ്കിലും കോവിഡ്-19 വ്യാപനത്തിന്റെ തീവ്രതമൂലം എല്ലാ മണ്ഡലാംഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് നേരിട്ടോ ഓൺലൈൻ മുഖാന്തിരമോ മണ്ഡലയോഗം നടത്തുന്നതിന് അന്നു ലഭ്യമായ സാങ്കേതിക വിദ്യയുടെ പ്രായോഗിക ബുദ്ധിമുട്ട് ബോധ്യമായതിനാൽ സഭാ ഭരണഘടന 390A പ്രകാരം സഭാ കൗൺസിലും, അന്നേ ദിവസം കൂടിയ എപ്പിസ്ക്കോപ്പൽ സിനഡും സഭാ ഭരണഘടന 64-ാം വകുപ്പനുസരിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് മെത്രാപ്പോലീത്തായോട് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ 2021 മാർച്ചിനു മുൻപ് മണ്ഡലം കൂടുന്നതിനു സാധിക്കാതെ ഇരിക്കുന്ന വിവരം മെത്രാപ്പോലീത്തായുടെ 8-ാം നമ്പർ സർക്കുലർ കല്പന പ്രകാരം അറിയിച്ചിരുന്നതാണ്. എന്നാൽ മണ്ഡലയോഗം കൂടുന്നത് അനിശ്ചിതമായി നീട്ടിക്കൊണ്ട് പോകുന്നത് ഉചിതമല്ലെന്ന നിയമകാര്യ കമ്മറ്റിയുടെ ശുപാർശ 2021 ജൂലൈ 14-നു കൂടിയ സഭാ കൗൺസിൽ അംഗീകരിക്കുകയും എല്ലാവർക്കും സംബന്ധിക്കത്തക്ക രീതിയിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മണ്ഡലയോഗം 2021 ഒക്ടോബർ 13,14,15 തീയതികളിൽ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

സഭാ പ്രതിനിധി മണ്ഡലത്തിന്റെ 2019-2020, 2020-2021 എന്നീ വർഷങ്ങളിലെ വാർഷിക പ്രതിനിധി മണ്ഡലയോഗം ഓൺലൈൻ സംവിധാനത്തിലൂടെ, ഓരോ മണ്ഡലാംഗത്തിനും നൽകുന്ന ലിങ്കിൽ കൂടി സൂം വെബിനാർ വഴി നടത്തുവാൻ തീരുമാനിച്ചു.

പ്രസ്തുത യോഗത്തിൽ 2019–20–ലെ കാര്യപരിപാടി അവസാനിക്കുന്നതിനെ തുടർന്ന് 2020–2021–ലെ പ്രതിനിധി മണ്ഡലയോഗം ആരംഭിക്കുന്നതുമായിരിക്കും. വാർഷിക റിപ്പോർട്ടും കണക്കും വായിച്ച് പാസ്സാക്കുക, ബഡ്ജറ്റ് അംഗീകരിക്കുക, സഭയുടെ മറ്റ് ദൈനംദിന കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ അംഗീകാരം എന്നിവ മാത്രമേ സൂം വെബിനാർ വഴി നടത്തുവാൻ സാധിക്കുകയുള്ളൂ. പൊതു ചർച്ചയും പ്രമേയങ്ങളും ഈ മീറ്റിംഗിൽ വോട്ടിനിട്ട് പാസ്സാക്കിയെടുക്കുവാൻ സാധ്യമല്ലാത്തതിനാൽ ഒഴിവാക്കിയിരിക്കുന്നു. എന്നാൽ 2 വർഷത്തെയും റിപ്പോർട്ടിന്മേലും കണക്കിന്മേലും ഉള്ള ചോദ്യങ്ങൾ സഭാ ഭരണഘടന അനുശാസിക്കുന്ന സമയത്തിനുള്ളിൽ ചോദിക്കാവുന്നതും അതിന് സഭാ കൗൺസിൽ തയ്യാറാക്കുന്ന മറുപടി സഭാ സെക്രട്ടറി ചോദ്യവും ഉത്തരവും വായിച്ച് അംഗങ്ങളെ അറിയിക്കുന്നതുമാണ്. സഭാ ഭരണഘടന 127–ാം വകുപ്പ് പ്രകാരമുള്ള ചോദ്യോത്തരങ്ങൾ മണ്ഡലാംഗങ്ങളുടെ E.Mail–ൽ അയച്ചുതന്നിട്ടുള്ളതാണ്.

2019–2020, 2020–2021 വർഷങ്ങളിലെ പ്രതിനിധി മണ്ഡല നിശ്ചയങ്ങളെ ഭരണഘടന 107–ാം വകുപ്പു പ്രകാരം എപ്പിസ്ക്കോപ്പൽ സിനഡ് ഒന്നിച്ച് പരിഗണിക്കുന്നതായിരിക്കും. സഭാ സെക്രട്ടറി, അത്മായ ട്രസ്റ്റി, വൈദിക ട്രസ്റ്റി, വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി എന്നീ സ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുകളും കേരളത്തിൽ അതാത് ഭദ്രാസന കേന്ദ്രങ്ങളിൽ വച്ച് നേരിട്ട് സഭാ കൗൺസിൽ തെരഞ്ഞെടുപ്പിനോടൊപ്പവും കേരളത്തിനു വെളിയിലുള്ള ഭദ്രാസനങ്ങളിൽ പോസ്റ്റൽ ബാലറ്റു മുഖേനയും വോട്ടു ചെയ്യുന്നതിനുള്ള ക്രമീകരണം ചെയ്യുന്നതിന് സഭാ കൗൺസിൽ തീരുമാനിച്ചു. മേൽപറഞ്ഞ സ്ഥാനങ്ങളിലേക്കുള്ള വോട്ടുകൾ സഭാ പ്രതിനിധി മണ്ഡലം നടക്കുന്ന ഒക്ടോബർ 15–ാം തീയതി തിരുവല്ലായിൽ വച്ച് എണ്ണി തിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

2019 സെപ്റ്റംബർ 13,14 തീയതികളിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിച്ച 2019–2020 ലെ ബഡ്ജറ്റിൽ (Page III-14) II-3 ൽ സഭാ ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് 50 ലക്ഷം രൂപാ ബഡ്ജറ്റ് ചെയ്തതും ചർച്ച ചെയ്ത് മണ്ഡലം അംഗീകരിച്ചിട്ടുള്ളതും തുടർന്ന് സഭാ കൗൺസിൽ പ്ലാനും എസ്റ്റിമേറ്റും  വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. സഭയുടെ അംഗീകൃത സംഘടനകളുടെയെല്ലാം ഓഫീസുകൾ ഒരു കുടക്കീഴിൽ വരത്തക്കവിധം ഓരോ സംഘടനയുടെയും ആവശ്യങ്ങൾ ആരാഞ്ഞ ശേഷം എല്ലാ സംഘടനകളുടെയും ഔദ്യോഗിക ഭാരവാഹികളും സഭയുടെ ഔദ്യോഗിക ഭാരവാഹികളും കാലം ചെയ്ത ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം തീരുമാനിച്ചതനുസരിച്ച് 2020 ഫെബ്രുവരി 18–ന് കുറ്റാലം ബിഷപ്പ് റിട്രീറ്റ് സെന്ററിൽ വച്ച് കൂടിയ സഭാ കൗൺസിൽ ഡോ. ജോസഫ് മാർത്തോമ്മാ നവതി പ്രോജക്ടായി സഭാ ഓഫീസ് കോംപ്ലക്സ് നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചു. തുടർന്ന് സഭാ കൗൺസിൽ പാസാക്കിയ 2020–21–ലെ ബഡ്ജറ്റിൽ (Page III-14) ചെലവിനത്തിൽ II-3 ആയി ഒരു കോടി അമ്പത് ലക്ഷം രൂപാ ബഡ്ജറ്റ് ചെയ്ത് അംഗീകരിച്ചു. എന്നാൽ കോവിഡ്–19 മഹാമാരി മൂലം 2020 സെപ്റ്റംബർ 3,4,5 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരുന്ന മണ്ഡലം നടത്തുന്നതിന് സാധിക്കാത്തതിനാൽ 2020–21–ലെ വാർഷിക ബഡ്ജറ്റ് മണ്ഡലത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചില്ല. 2020 ജൂൺ മാസം 27–ാം തീയതി അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 90–ാം ജന്മദിനത്തിൽ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി മുഖ്യ അതിഥി ആയിരുന്ന ചടങ്ങിൽ സഭാ കൗൺസിലിന്റെ തീരുമാനപ്രകാരം സഭാ ഓഫീസ് കോംപ്ലക്സിന്റെ അടിസ്ഥാന ശില പ്രാർത്ഥിച്ച് ആശിർവദിച്ചു. തുടർന്ന് പ്ലാനും അനുബന്ധ രേഖകളും തിരുവല്ലാ മുനിസിപ്പാലിറ്റിയിലും, പത്തനംതിട്ട ഡിസ്ട്രിക്റ്റ് ടൗൺ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസർ എന്നിവരുടെ അംഗീകാരത്തിനായി സമർപ്പിച്ചു. തുടർന്ന് പരിശോധനകൾക്ക് ശേഷം തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസറിൽ നിന്നും അംഗീകാരം ലഭിച്ചു.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ കാലം ചെയ്ത ശേഷം അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ സഭാ കൗൺസിലും മറ്റ് കമ്മറ്റികളും പല പ്രാവശ്യം കൂടുകയും പണികൾ ആരംഭിക്കുന്നതിന് ദിനപത്രത്തിൽ പരസ്യം നൽകി കൊട്ടേഷൻ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം 10 കോൺട്രാക്ടർമാരുടെ Pre- qualification documents വാങ്ങി പരിശോധിച്ചതിൽ നിന്നും അർഹരായ 5 പേരെ കണ്ടെത്തി അവർക്ക് ടെണ്ടർ ഫോം നൽകുകയും ചെയ്തു. അതിൽ 3 Contractors ടെണ്ടർ ഫോം പൂരിപ്പിച്ച് നൽകുകയും മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നെഗോസിയേഷനായി വിളിക്കുകയും

M/s Joseph Ninan & Co. Ernakulam–ത്തിന് 4,48,69,471 രൂപയ്ക്ക് നിർമ്മാണപ്രവർത്തനം (Civil Work) 18 മാസത്തിനുള്ളിൽ, Electrification & Plumbing ഒഴികെ, പൂർത്തീകരിക്കുന്നതിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. 2021 സെപ്റ്റംബർ 1–ാം തീയതി വൈകുന്നേരം 3.30 ന് സഭയിലെ മറ്റ് തിരുമേനിമാരുടേയും സഭാ കൗൺസിൽ അംഗങ്ങളുടേയും സംഘടനാ ഭാരവാഹികളുടേയും സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ശിലാസ്ഥാപനം നടത്തി. മൊത്തം ചെലവാകുന്ന തുകയുടെ ആനുപാതികമായി ഓരോ സംഘടനകളും നൽകേണ്ടതാണെന്ന് തീരുമാനിച്ചു.

| <u>സംഘടന</u> | **<u>Sq.Ft.</u>** | |
|---|---|---|
| മാർത്തോമ്മാ സുവിശേഷസംഘം | 3975 | (Basement1000 Ground Floor 2975) |
| സണ്ടേസ്കൂൾ സമാജം | 6831 | (Basement1500 Ground Floor 5331) |
| സഭാ ഓഫീസ്+ഗസ്റ്റ് റൂം+ ടെറസ് | 12326 | (Including Basement 467) |
| സന്നദ്ധ സുവിശേഷ സംഘം | 813 | (First Floor) |
| മാർത്തോമ്മാ യുവജന സഖ്യം | 1970 | (First Floor) |
| സേവികാ സംഘം | 853 | (First Floor) |
| Total Sq. Ft. | **26768** | |

നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യ സംഭാവനയായി 10 ലക്ഷം രൂപാ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 90–ാം ജന്മദിനത്തിൽ ഡോ.എലിസബത്ത് വർഗീസ് (ചെന്നൈ) നൽകുകയും തിരുമേനി കാലം ചെയ്യുന്നതിന് മുൻപായി നൽകിയ കത്തിലെ നിർദ്ദേശപ്രകാരം കുവൈറ്റിൽ നിന്ന് ലഭിച്ച 1 കോടി 18 ലക്ഷം രൂപയും, ഈ കത്തിലെ തന്നെ നിർദ്ദേശ പ്രകാരം തിരുമേനിയുടെ കാലശേഷം ബാങ്ക് അക്കൗണ്ടിൽ നിന്നും നീക്കി ബാക്കിയുള്ള തുകയിൽ 1 കോടിയിൽ പരം രൂപയും തിരുമേനി ഉപയോഗിച്ചിരുന്ന ബെൻസ് കാർ വിററ വകയിലുള്ള 92 ലക്ഷം രൂപയും ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതിന് സഭാ കൗൺസിൽ തീരുമാനിക്കുകയും 2021–22ലെ ബഡ്ജററ് (പേജ് III–14) ചെലവിനത്തിൽ II–3 ആയി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2018 ആഗസ്റ്റ് മാസം 28, 29, 30 തീയതികളിൽ കൂടിയ പ്രതിനിധി മണ്ഡലത്തിൽ 2018–19 ലെ വാർഷിക ബഡ്ജററിൽ 25 ലക്ഷം രൂപാ വകയിരുത്തി മാർത്തോമ്മാ പ്രസ്സ് ബിൽഡിംഗിന് സമീപം പ്രസിന്റെ ആവശ്യത്തിന് കൊമേഴ്സ്യൽ ബിൽഡിംഗ് പണിയുന്നതിന് ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. 2019 സെപ്ററംബർ 13,14 തീയതികളിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിച്ച 2019–20 ലെ വാർഷിക ബഡ്ജററിലും 50 ലക്ഷം രൂപ വകയിരുത്തിയ ബഡ്ജററ് മണ്ഡലം അംഗീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം 2020 ജൂൺ മാസം 15–ാം തീയതി ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ശിലാസ്ഥാപനം നടത്തി പണി ആരംഭിച്ചു. പണികൾ പൂർത്തീകരിച്ചു വരുന്നു. തിരുവല്ല ബൈപ്പാസ് പണി നടന്നു കൊണ്ടിരുന്നപ്പോൾതന്നെ എസ്. സി. എസ് ജംഗ്ഷനിലുള്ള തിരക്ക് കുറയ്ക്കുന്നതിനു വേണ്ടി ചെയർമാൻസ് റോഡിനു അഭിമുഖമായി ഒരു ഗേററും റോഡും നിർമ്മിക്കുന്നതിന് കൗൺസിൽ തീരുമാനിക്കുകയും 2018–19 ലെ ബഡ്ജറ്റിൽ 15 ലക്ഷം രൂപയും 2019–20 ലെ ബഡ്ജററിൽ 25 ലക്ഷം രൂപയും ഉൾകൊള്ളിച്ചു. 2019 സെപ്ററംബർ 13,14 തീയതികളിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലം ചർച്ച ചെയ്തു ബഡ്ജറ്റ് അംഗീക രിക്കുകയും 2020 ജൂൺ 27ന് പണി പൂർത്തികരിച്ചു ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്യുകയും ചെയ്തതാണ്.

വർഷങ്ങളായി ഗവണ്മെന്റ് അടിയന്തരമായി തരംതിരിച്ച്, ജീർണ്ണാവസ്ഥയിലായിരുന്ന എസ്. സി. എസ്. എൽ.പി. എസ് ന്റെ കെട്ടിടം പൊളിച്ച് നീക്കി എസ്. സി. എസ് ഹൈസ്കൂളിനോട് ചേർന്ന് എം.ററി ആന്റ് ഇ.എ സ്കൂൾസ് കോർപറേറ്റ് മാനേജ്മെന്റ് ഓഫീസിനു വേണ്ടിയും എസ്. സി എസ് എൽ. പി. എസ് നു വേണ്ടിയും കെട്ടിടം പണിയാൻ സഭാ കൗൺസിൽ തീരുമാനിച്ചു.

കേന്ദ്ര സർക്കാരിന്റെ റൂസാ ഫണ്ടിൽ നിന്നും 2 കോടി രൂപ ലഭിച്ചത് ഉപയോഗിച്ച് ജീർണ്ണാവസ്ഥയിലായിരുന്ന ടൈററസ് സെക്കന്റ് ടീച്ചേഴ്സ് കോളജിലെ കെട്ടിടം നിലവിലിരുന്ന സ്ഥാനത്ത് തന്നെ പൊളിച്ചു പണിയുവാൻ സഭാ കൗൺസിൽ തീരുമാനിച്ചു.

2021 മെയ് 8–ാം തീയതി മുതൽ കേരള സംസ്ഥാനത്ത് പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ചതായി 2021 മെയ് 6–ന് വാർത്ത വരികയും 2021 മെയ് 6–ന് വൈകുന്നേരം മാരാമൺ മാർത്തോമ്മാ ഇടവകയിൽ നിന്നും, മംഗലം സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ നിന്നും ഇടവക വികാരിമാരുടെ ശുപാർശ്ശയോടെ 2021 മെയ് 8–ാം തീയതി ശനിയാഴ്ച മാരാമൺ മാർത്തോമ്മാ, മംഗലം സെന്റ് തോമസ് മാർത്തോമ്മാ പള്ളികളിൽ വച്ച് നടത്തുവാൻ തീരുമാനിച്ച വിവാഹങ്ങൾ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ 7–ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 6 മണിക്ക് ശേഷം നടത്തുന്നതിന് രേഖാ മൂലം അപേക്ഷിക്കുകയും ചെയ്തു. വധൂവരന്മാരുടെയും മാതാപിതാക്കന്മാരുടെയും ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയും മാനുഷിക പരിഗണന വച്ചും പ്രസ്തുത വിവാഹങ്ങൾ നടത്തുന്നതിന് പ്രത്യേക അനുവാദം നൽകുകയും ചെയ്തു. 2021 മെയ് 7–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ശേഷം മാരാമൺ മാർത്തോമ്മാ, മംഗലം സെന്റ് തോമസ് മാർത്തോമ്മാ പള്ളികളിൽ വച്ച് ഈ വിവാഹങ്ങൾ നടത്തുകയും ചെയ്തു. പിന്നീട് കൂടിയ എപ്പിസ്കോപ്പൽ സിനഡിൽ പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

കൂടാതെ MCRD യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് ബൈലോ സഭാ കൗൺസിൽ അംഗീകരിച്ചു. Light to Life India പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തു. കൂടാതെ നിക്കോൾസൻ സ്കൂൾ ഗവേണിംഗ് ബോർഡിലേക്ക് 2020 – 2023 കാലഘട്ടത്തിലേക്ക് റവ. കെ. ജി ജോസഫ്, ഡോ. സൂസമ്മ മാത്യു, ഡോ. കോശി മത്തായി എന്നിവരെ സഭാ കൗൺസിൽ ഏകാഭിപ്രായമായി നിയമിക്കുന്നതിന് തീരുമാനിച്ചത് സഭാ പ്രതിനിധി മണ്ഡലത്തിന്റെ അംഗീകാരത്തിന് താത്പര്യപെടുന്നു. 2020–ൽ നിശ്ചയിച്ചിരുന്ന മണ്ഡലയോഗം നടത്തുവാൻ സാധിക്കാതെ ഇരുന്നതിനാലാണ് സഭാ ഭരണഘടന 390 (C) വകുപ്പു പ്രകാരം ഈ പ്രസ്താവന മണ്ഡലയോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത്.

പ്രതിനിധി മണ്ഡല യോഗത്തിൽ ഈ പ്രസ്താവന റിപ്പോർട്ട് ചെയ്ത് അംഗീകരിച്ച് സ്ഥിരപ്പെടുത്തിയിരിക്കുന്നു.

## മറ്റു തീരുമാനങ്ങൾ

1. സഭയുടെയും സ്ഥാപനങ്ങളുടെയും "2019–2020 ൽ ബഡ്ജറ്റില്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ചെലവായ തുകകൾക്ക് അനുമതി നൽകുക" എന്ന പ്രമേയത്തിന് ചർച്ചകൾക്കു ശേഷം മണ്ഡലയോഗം അംഗീകാരം നൽകി.

2. അച്ചടിച്ച് പ്രസിദ്ധം ചെയ്തിരുന്ന 01–04–2019 മുതൽ 31–03–2020 വരെയുള്ള ഭരണ റിപ്പോർട്ടും കണക്കുകളും അംഗീകരിക്കുകയും സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, എം. സി. ആർ. ഡി., ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ഹോസ്കോട്ട്, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളും, ബാലൻസ് ഷീറ്റും ഭൂരിപക്ഷാഭിപ്രായത്തോടെ സഭാ മണ്ഡലം പാസ്സാക്കി.

3. 2020–2021 സാമ്പത്തിക വർഷത്തെ, സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, എം. സി. ആർ. ഡി., ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ഹോസ്കോട്ട്, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ബഡ്ജറ്റ് സഭാ മണ്ഡലം ഭൂരിപക്ഷാഭിപ്രായത്തോടെ പാസ്സാക്കി.

4. 2020–21 വർഷത്തേക്ക് സഭാ കൗൺസിൽ നിശ്ചയിച്ച താഴെപ്പറയുന്ന കണക്ക് പരിശോധകരെ നിയമിച്ചതിന് മണ്ഡലം അംഗീകാരം നൽകി.
   1. M/s Cheriyan & Cheriyan., Kottayam
   2. M/s Reji John & Co., Kottayam
   3. M/s Kuruvilla & Co., Pathanamthitta,
   4. M/s Thomas Mathew & Associates, Thiruvalla
   5. M/s Thomas Jacob & Co., Trivandrum,
   6. M/s Johanen & Co., Chennai
   7. M/s Koshal & Co., Madhya Pradesh
   8. M/s Jacob Kovoor & Co., Cochin
   9. M/s K.I Abraham & Co., Thiruvalla
   10. M/s Jacob Abraham & Co., Chengannoor

5. 2019–2020 ലെ വാർഷിക സഭാ പ്രതിനിധി മണ്ഡലം കൂടുവാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ മണ്ഡലം അംഗീകരിക്കും എന്ന പ്രതീക്ഷയിൽ സഭാ കൗൺസിൽ അംഗീകരിച്ച ബഡ്ജറ്റിൻ പ്രകാരം 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ ചെലവായ സഭയുടെയും പ്രതിനിധി മണ്ഡലത്തിന്റെ നിയന്ത്രണത്തിലുള്ള 12 സ്ഥാപനകളുടെയും മുഴുവൻ ചെലവുകൾക്കും മണ്ഡലയോഗം അംഗീകാരം നൽകി.

6. അച്ചടിച്ച് പ്രസിദ്ധം ചെയ്തിരുന്ന 01–04–2020 മുതൽ 31–03–2021 വരെയുള്ള ഭരണ റിപ്പോർട്ടും കണക്കുകളും അംഗീകരിക്കുകയും സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, എം. സി. ആർ. ഡി., ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ഹോസ്കോട്ട്, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളും, ബാലൻസ് ഷീറ്റും ഭൂരിപക്ഷാഭിപ്രായമായി സഭാ മണ്ഡലം പാസ്സാക്കി.

7. 2021–2022 സാമ്പത്തിക വർഷത്തെ, സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, എം. സി. ആർ. ഡി., ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ഹോസ്കോട്ട്, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ബഡ്ജറ്റ് സഭാ മണ്ഡലം ഭൂരിപക്ഷാഭിപ്രായത്തോടെ പാസ്സാക്കി.

8. "2022–2023 –ലെ ആദ്യത്തെ ആറ് മാസം, 2021–2022–ൽ ചെലവാകുന്ന തുകയുടെ 6/12 –ൽ കവിയാതെയുള്ള തുക ചെലവാക്കുന്നതിന് സഭാ കൗൺസിലിന് അനുമതി നൽകുക" എന്ന പ്രമേയത്തിന് മണ്ഡലയോഗം ഭൂരിപക്ഷാഭിപ്രായത്തോടെ അനുമതി നൽകി.

9. 2021–22 ലേക്ക് താഴെപ്പറയുന്ന കണക്കു പരിശോധകരെ നിയമിക്കുക എന്ന സഭാ കൗൺസിലിന്റെ പ്രമേയം ഏകാഭിപ്രായമായി മണ്ഡലയോഗം അംഗീകരിച്ചു.
   1. M/s Cheriyan & Cheriyan., Kottayam,
   2. M/s Reji John & Co., Kottayam
   3. M/s Kuruvilla & Co., Pathanamthitta,
   4. M/s Thomas Mathew & Associates, Thiruvalla
   5. M/s Thomas Jacob & Co., Trivandrum,
   6. M/s Johanen & Co., Chennai

7. M/s Koshal & Co., Madhya Pradesh
8. M/s Jacob Kovoor & Co., Cochin
9. M/s K.I Abraham & Co., Thiruvalla
10. M/s Jacob Abraham & Co., Chengannoor

10. **പഠനം–വിഷയം:കോവിഡാനന്തര ശുശ്രൂഷാ ഇടങ്ങൾ: വെല്ലുവിളികളും പ്രതികരണങ്ങളും (Challenges and Responses to the post- covidian Ministerial Space)**എന്ന വിഷയം 2021 ഒക്ടോബർ 7–ാം തീയതി സൂം വെബിനാർ വഴി പഠനം നടത്തി.

11. 2020–2023 കാലയളവിൽ താഴെപ്പറയുന്ന സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടത്തി. ഭരണഘടന 164–ാം വകുപ്പനുസരിച്ച് സഭാ കൗൺസിലംഗങ്ങളുടെ തെരഞ്ഞെടുപ്പ് ഭദ്രാസനതലത്തിലും മേഖലാടിസ്ഥാനത്തിലുമാണ് നടന്നത്. തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**സഭാ കൗൺസിൽ 2020–2023**

**<u>ഔദ്യോഗിക ഭാരവാഹികൾ</u>**

1. സഭാ സെക്രട്ടറി – റവ. സി. വി. സൈമൺ
2. വൈദിക ട്രസ്റ്റി – റവ. മോൻസി കെ. ഫിലിപ്പ്
3. അത്മായ ട്രസ്റ്റി & ഖജാൻജി – ശ്രീ. രാജൻ ജേക്കബ്

**<u>നിരണം–മാരാമൺ ഭദ്രാസനം</u>**

1. റവ. ഷാജി തോമസ് – നെടുംപുറം ക്രിസ്തോസ്
2. അഡ്വ. അൻസിൽ സഖറിയ – ആനമല സെന്റ് തോമസ്
3. ശ്രീ എം. എ മത്തായി – കല്ലൂപ്പാറ ബഥേൽ
4. പ്രൊഫ. ജോളി ആനി ഏബ്രഹാം – കോഴഞ്ചേരി സെന്റ് തോമസ്

**<u>ഡൽഹി ഭദ്രാസനം</u>**

1. റവ. മാത്യു കെ മുതലാളി – ഫരീദാബാദ് ഓൾ സെയിന്റ്സ്
2. Capt.ജെ. എം.തോമസ് – ന്യൂഡെൽഹി സെന്റ് ജെയിംസ്
3. ശ്രീമതി. ജീമോൾ വർഗീസ് – ഭോപ്പാൽ സെന്റ് പീറ്റേഴ്സ്

**<u>കൊട്ടാരക്കര–പുനലൂർ ഭദ്രാസനം</u>**

1. റവ. ജോൺസൺ ഫിലിപ്പ് – പൂയപ്പള്ളി സെന്റ് തോമസ്
2. ശ്രീ. കെ.ജി.ഏബ്രഹാം – വിളക്കുവെട്ടം മാർത്തോമ്മാ
3. ശ്രീ. പി. ഇ ബിനു – ആവണീശ്വരം ഇമ്മാനുവേൽ
4. ശ്രീമതി. മറിയാമ്മ സോളമൻ. – പുലമൺ ബഥേൽ

**<u>മുംബൈ ഭദ്രാസനം</u>**

1. റവ. വർഗീസ് മാത്യു(കല്യാൺ) – പിംബ്രി സെന്റ് തോമസ്
2. ഡോ. ജോൺ മാത്യൂ (റോയി) – താനെ മാർത്തോമ്മാ
3. ഡോ. മേരി ഏബ്രഹാം മാത്യൂസ് – വാഷി സെന്റ് പോൾസ്

**<u>തിരുവനന്തപുരം–കൊല്ലം ഭദ്രാസനം</u>**

1. റവ. ഡോ. രഞ്ചൻ ജോൺ – കോവില്ലൂർ ശാലേം മാർത്തോമ്മാ
2. ശ്രീ. ഏബ്രഹാം തോമസ് – തിരുവനന്തപുരം സെന്റ് തോമസ്
3. ശ്രീ. ജിജു ഉമ്മൻ – മലപേരൂർ ഇമ്മാനുവേൽ
4. ശ്രീമതി. ജെസ്സി ജോസ് – കൈതക്കുഴി സെന്റ് തോമസ്

**<u>ചെങ്ങന്നൂർ–മാവേലിക്കര ഭദ്രാസനം</u>**

1. റവ. ഡോ. റ്റി. റ്റി.സഖറിയ – ഓതറ സെന്റ് പോൾസ്
2. ശ്രീ.തോമസ് അലക്സാണ്ടർ (സാം ചെമ്പകത്തിൽ) – ഇലന്തൂർ മാർത്തോമ്മാ വലിയപള്ളി
3. ശ്രീ. മോഡി പി. ജോർജ്ജ് – കണ്ണമംഗലം സെന്റ് പോൾസ്
4. ശ്രീമതി. ജോയമ്മ കോശി – തിട്ടമേൽ ട്രിനിറ്റി

**<u>റാന്നി–നിലയ്ക്കൽ ഭദ്രാസനം</u>**

1. റവ.ജോർജ്ജ് തോമസ്(നിരണം) – റാന്നി ക്രിസ്തോസ്
2. ശ്രീ. അബിൻ തോമസ് – മന്ദമരുതി ബഥേൽ
3. ശ്രീ സാം സി. കോശി – ഓമല്ലൂർ മാർത്തോമ്മ

4. ശ്രീ. ബെന്നി പുത്തൻപറമ്പിൽ (തോമസ് മാത്യു) – വടശ്ശേരിക്കര കർമ്മേൽ
5. ശ്രീമതി. റെജി തോമസ് – വയലത്തല സെന്റ് തോമസ്

**<u>നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനം</u>**

1. റവ. ബിനു ജെ.വർഗീസ് – ലണ്ടൻ സെന്റ് ജോൺസ്
2. ശ്രീമതി. ചേച്ച ജോൺ – ന്യൂയോർക്ക് സ്റ്റാറ്റൻ ഐലൻഡ്
3. ശ്രീ. ജോൺ ടൈറ്റസ് – ഗ്രേറ്റർ സിയാറ്റിൽ
4. ശ്രീ. സണ്ണി ഏബ്രഹാം – ഫിലഡെൽഫിയ മാർത്തോമ്മാ

**<u>അടൂർ ഭദ്രാസനം</u>**

1. റവ. പി. ജെ. വറുഗീസ് – വെട്ടിയാർ സെന്റ് തോമസ്
2. ഡോ. സെലിൻ ഏബ്രഹാം – പത്തനാപുരം ഇമ്മാനുവേൽ
3. ശ്രീ. ജോസഫ് വർഗീസ് – ഐരാണിക്കുടി ഇമ്മാനുവേൽ
4. ശ്രീ. മാത്യൂസ് ജോർജ്ജ് ചുനക്കര – ചുനക്കര സെന്റ് തോമസ്

**<u>കോട്ടയം-കൊച്ചി ഭദ്രാസനം</u>**

1. റവ. ബോബി ഫിലിപ്പ് – വടവാതൂർ സെന്റ് സ്റ്റീഫൻസ്
2. ശ്രീ. എബി വർഗീസ് ജോൺ – ആലുവാ സെന്റ് തോമസ്
3. ഡോ. അന്ന മാത്യു – കറുകച്ചാൽ സെന്റ് തോമസ്
4. ശ്രീ. ഈപ്പൻ മാത്യു – തെള്ളിയൂർ ക്രിസ്തോസ്

**<u>ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനം</u>**

1. റവ. പ്രസാദ് മാത്യു – കോയമ്പത്തൂർ മാർത്തോമ്മാ
2. ശ്രീമതി. ലത മേരി സി. മാത്യു – വെല്ലൂർ സെന്റ് തോമസ്
3. ശ്രീ. ഷാജൻ എം. ജോർജ്ജ് – ജാലഹള്ളി എബനേസർ

**<u>കുന്നംകുളം-മലബാർ ഭദ്രാസനം</u>**

1. റവ. എസ്. ജോർജ്ജ് – ചുങ്കത്തറ മാർത്തോമ്മാ കോളജ്
2. ശ്രീ. ബേബി മാത്യു – പാലക്കാട് സെന്റ് തോമസ്
3. ശ്രീമതി അനില സുനിൽ – കാട്ടുമുണ്ട സെഹിയോൻ

**<u>മലേഷ്യ-സിംഗപ്പൂർ-ഓസ്ട്രേലിയ-ന്യൂസിലാൻഡ് ഭദ്രാസനം</u>**

1. ശ്രീ.ജോർജ്ജ് വറുഗീസ് – ഓക്ലാൻഡ് സെന്റ് തോമസ്

**<u>ഗൾഫ് മേഖല</u>**

1. ശ്രീ. മനോജ് മാത്യു എം – കുവൈറ്റ് സാൽമിയ സെന്റ് തോമസ്

## വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി

വൈദികർ

1. റവ. ഡോ. ഈശോ മാത്യു
2. റവ. ഡോ. എ ജോൺ ഫിലിപ്പ്
3. റവ. ഡോ. ഷാം പി. തോമസ്
4. റവ. എബി റ്റി മാമ്മൻ
5. റവ. തോമസ് കോശി പി.

അത്മായർ

1. ഡോ. യേശുദാസ് അത്യാൽ
2. പ്രൊഫ. സി. മാമച്ചൻ
3. ശ്രീ. സി. വി. വർഗീസ്
4. അഡ്വ. പ്രസാദ് ജോർജ്ജ്.
5. ശ്രീ. ജോസി കുര്യൻ
6. അഡ്വ. ജോസ് കെ.ജോയി
7. ശ്രീ. ഷാജി പി. റ്റി.
8. ശ്രീ. അലക്സ് ചെറിയാൻ

ചെങ്ങന്നൂർ–മാവേലിക്കര, അടൂർ, കുന്ദംകുളം–മലബാർ എന്നീ ഭദ്രാസനങ്ങളിൽ നിന്നും സഭാ കൗൺസിൽ തെരഞ്ഞെടുപ്പു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതിനാൽ, ഈ ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ നിയമനത്തിന്റെ സാധുത മെത്രാപ്പോലീത്താ തിരുമേനി നിയമിച്ച കമ്മീഷന്റെ കണ്ടെത്തലിന്റെയും  മെത്രാപ്പോലീത്തായുടെ തീരുമാനത്തിനും വിധേയമായിരിക്കുന്നതാണ്.

**തിരുത്തലുകൾ**

| ഭാഗം. | പേജ് | കോളം | ലൈൻ | തെറ്റ് | ശരി |
|---|---|---|---|---|---|
| **Annual Report 2019-2020** | | | | | |
| I | 5 | 1 | 3 | ജോളി ജോൺ | ജോളി ജോസഫ് |
| ‘ണ്ട’ എന്ന അക്ഷരം വിട്ടു പോയിട്ടുള്ള ഭാഗത്ത് ‘ണ്ട’ ചേർത്തു വായിക്കേണ്ടതാണ് | | | | | |
| **Annual Report 2020-2021** | | | | | |
| I | 7 | 4 | 9 | 7,00,000.00 | 27,00,000.00 |
| II | 3 | 1 | Item 32(17) | കോശി മത്തായി | കോശി ശാമുവേൽ |
| II | 3 | 1 | Item 32 (18) | കോശി മത്തായി | കോശി ശാമുവേൽ |
| II | 123 | 2 | 4 | 1 | 3 |
| II | 27 | 2 | സഭാ കൗൺസിൽ | ----- | ഡോ. ജോൺ മാത്യു ചേർക്കണം |
| II | 119 | 1 | സഭാ ബുക്ക് ഡിപ്പോ | 13 ലക്ഷം | 10 ലക്ഷം |
| II | 3 | 33(1) | | എം.ജി.യൂണിവേഴ്സിറ്റി | കേരള യൂണിവേഴ്സിറ്റി |
| II | 4 | 1 | | ജൂലൈ–7 | ജൂലൈ –12 |
| III | 15 | | Item 25 | ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ മെമ്മോറിയൽ ബിൽഡിംഗ് (കുമ്പനാട് ഹോസ്പിറ്റൽ/ എം.ജി യൂണിവേഴ്സിറ്റി മാർ ക്രിസോസ്റ്റം ചെയർ | ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ മെമ്മോറിയൽ **പ്രോജക്ട്** (കുമ്പനാട് ഹോസ്പിറ്റൽ/എം.ജി യൂണിവേഴ്സിറ്റി മാർ ക്രിസോസ്റ്റം ചെയർ |

**FROM THE APOSTOLIC SEE OF MALANKARA METROPOLITAN**
**DR. THEODOSIUS MAR THOMA**

**Circular Number: 32**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Beloved in Christ,

The decisions and resolutions, promulgated by the Prathinidhi Mandalam that met online through Zoom Webinar with me on the chair, on 2021 October 13, 14, and 15 (Wednesday, Thursday, and Friday), from Thiruvalla Dr. Alexander Mar Thoma Valiya Metropolitan Memorial Auditorium, and approved by the Episcopal Synod on 2021 October 18, 19, and 20, in conformity with the Sabha Constitution Clause 107, are hereby published for your information. Through this circular I notify that all matters related to the Church, parishes, and institutions be conducted and implemented on the basis of these decisions.

Grace be with you all.

Dated 21st of October 2021 from the Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**

**Decisions of the Sabha Prathinidhi Mandalam Meeting held online through Zoom Webinar on October 13, 14, and 15 (Wednesday, Thursday, and Friday), 2021, from Thiruvalla Dr. Alexander Mar Thoma Valiya Metropolitan Memorial Auditorium**

Statement of the Metropolitan in accordance with Sabha Constitution Clause 390 (A) and 390 (C)

In accordance with the Circular No. 351 of His Grace Dr. Joseph Mar Thoma Metropolitan, the duration of the 2017-2020 Mandalam ended on March 31st 2020 and the members elected to the Mandalam for the period 2020-2023 were granted membership to the Kaisthana Samithi with effect from April 1, 2020. The postponement of the Mandalam meeting scheduled to meet on 2020 September 2, 3, and 4, 2020, due to the worldwide spread of Covid-19 pandemic was informed to all the parishes and Mandalam members through the Circular No. 367 as per the provisions stipulated in the Sabha Constitution Clause 64 and in consultation with the Episcopal Synod. In the context of the Covid pandemic, a National Lockdown was declared in March 2020, and subsequently, a Covid Protocol came into effect. As a result, the annual meeting of the Sabha Prathinidhi Mandalam for the year 2019-2020 could not be convened as per the stipulation of the Sabha Constitution Clauses 104, 128, 129, and 164, and therefore, the annual report, annual accounts, and budget could not be presented and approved. The elections of the office bearers, Sabha Council, and Vaideeka Selection Committee could not be done as well.

The Metropolitan's Circular No. 3 dated 01.12.2020 called upon parishes to complete and report the election of members of Mandalam and Assembly before December 31. Besides, in tune with Sabha Constitution Clause 319, the Circular required to publish the revised Parish Voters List before January 15, 2021, and conduct parish elections for the financial year 2021-22.

Subsequently, the Sabha Council that met on January 12, 2021, discussed at length about the modality of convening the next Mandalam meeting conforming to the Sabha Constitution Clause 104, yet due to the intensity and spread of Covid-19 pandemic, the Council was convinced about the inability to convene the meeting assembling all Mandalam members either physically or online considering the practical difficulty with the technology available then. Therefore, the Sabha Council and the Episcopal Synod that met the same day requested the Metropolitan to take appropriate decision on the basis of Sabha Constitution Clause 64. The Metropolitan through the Circular No. 8 informed all about the inability to convene the Mandalam meeting before March 2021. Yet, the Sabha Council met on July 14. 2021, accepted the recommendation of the Legal Affairs Committee that the convening of the Mandalam meeting cannot be

prolonged indefinitely, and decided to conduct the Mandalam meeting on October 13, 14, and 15, 2021, through online platform ensuring the participation of all members.

It was decided to conduct the annual meeting of the Sabha Prathinidhi Mandalam for the years 2019-2020 and 2020-2021 on online platform through Zoom Webinar with specific links provided to each Mandalam member.
After finishing the agenda for the year 2019-2020, the meeting of the Prathinidhi Mandalam for 2020-2021 will commence. Through the Zoom platform it is possible only to present and approve the Annual Report and Accounts, approve the Budget, and approve on subjects related to other day-to-day affairs of the Church. Since voting is not a possibility during this meeting, general discussion and resolutions are not admitted. Yet, questions raised within the stipulated time as the Sabha Constitution permits, the Sabha Secretary will read the questions and inform the members by reading the answers prepared to each question by the Sabha Council. The questions and answers as per the provisions of the Sabha Constitution Clause 127 are circulated to the Mandalam members through email.

The Episcopal Synod will consider the decisions of the Prathinidhi Mandalam for the years 2019-2020 and 2020-2021 all together in accordance to the Constitution Clause 107. The Sabha Council decided to make arrangements for voting to the posts of Sabha Secretary, Lay Trustee, Clergy Trustee, and Vaideeka Selection Committee directly through ballots at the Diocesan Centres in Kerala along with the election of the Sabha Council and for the Dioceses outside Kerala the whole election through postal ballots. For the above-mentioned posts, the counting of votes and declaration of the results are being done when the Prathinidhi Mandalam meets at Thiruvalla on October 15.

The Sabha Prathinidhi Mandalam that met on September 13 and 14, 2019 approved the budget allocation of Rupees 50 Lakhs for the Sabha Office Complex in the budget for 2019-2020 (page III-14) II-3, for which the Sabha Council later approved a plan and estimate after a detailed discussion. After detailed discussions and study done at a joint meeting of the officials of all the organizations of the Church and officials of the Church with Metropolitan Dr. Joseph Mar Thoma in the chair, the needs of each organization were identified so as to bring the offices of all the organizations under one umbrella structure, and the Sabha Council which met on February 18, 2020, at Courtallam Bishop Retreat Centre decided to construct the Sabha Office Complex as Dr. Joseph Mar Thoma Navathi Project. Afterwards, the Sabha Council approved the budgetary provision of Rupees One Crore and Fifty Lakhs as expenditure in the budget for 2020-2021 (Page III-14) II-3. Yet, due to the Covid-19 Pandemic, the Mandalam meeting scheduled to be held on September 3, 4, and 5, 2020 was not

convened, and hence the annual budget for 2020-2021 could not be presented. On June 27, 2020, the 90th birthday of His Grace Dr. Joseph Mar Thoma Metropolitan, corresponding to the decision of the Sabha Council, the foundation stone for the Sabha Office Complex was dedicated at the function in which the honourable Prime Minister was the chief guest. Subsequently, the plan and other related documents were presented at the Thiruvalla Municipality and for the approval of Pathanamthitta District Town Planning Officer and Thiruvananthapuram Chief Town Planning Officer. Then, after inspections, received permissions from the Thiruvananthapuram Chief Town Planning Officer.

After the demise of His Grace Dr. Joseph Mar Thoma Metropolitan, Sabha Council and other committees met several times, with His Grace Dr. Theodoisus Mar Thoma Metropolitan in the chair, decided to publish newspaper advertisement to receive quotations in order to begin the construction. Accordingly, verified pre-qualification documents from ten contractors and identified five who were eligible and handed over tender forms to them. Among them, three contractors submitted tender forms duly filled and they were called for negotiations with the Metropolitan in the chair and the work order was granted to M/s Joseph Ninan and Co., Ernakulam, to complete the construction (Civil Work), except Electrification & Plumbing, for Rupees 4,48,69,471, within a stipulated period of 18 months. His Grace Dr. Theodosius Mar Thoma Metropolitan laid the foundation stone on September 1, 2021, in the presence of the bishops, members of the Sabha Council, and officials of Church organizations. It was decided that each organization must share the total expenses proportionately.

| **Organization** | | **Sq. Ft.** |
|---|---|---|
| Mar Thoma Evangelistic Association | 3.975 | (Basement 1000, Ground Floor 2975) |
| Sunday School Samajam | 6.831 | (Basement 1500, Ground Floor 5331) |
| Sabha Office + Guest Room + Terrace | 12,326 | (Including Basement 467) |
| Voluntary Evangelists' Association | 813 | (First Floor) |
| Mar Thoma Yuvajana Sakhyam | 1.970 | (First Floor) |
| Sevika Sanghom | 853 | (First Floor) |
| Total Sq. Feet: | 26,768 | |

Dr. Elizabeth Varghese (Chennai) gave Rupees 10 Lakhs as the first donation towards the construction project on the 90th birthday of Dr. Joseph Mar Thoma Metropolitan. The Sabha Council decided to utilize the amounts that were made available as per the instructions of the letter His Grace gave before his demise, Rupees One Crore and 18 Lakhs received from Kuwait and over Rupees One Crore from the available balance amount in the Bank Accounts of His Grace as well as Rupees 92 Lakhs from the proceeds of the sale of the Benz car that His Grace used, and made budgetary

provisions to spend Rupees Two Crore in the budget for 2021-2022 (Page III-14; II-3). The Prathinidhi Mandalam which met on August 28, 29, and 30, 2018 approved Rupees 25 Lakhs in the annual Budget for 2028-19 as budgetary provision to construct a commercial building near the Mar Thoma Press for the needs of the Press. Again, the Prathinidhi Mandalam that met on September 13, and 14, 2019, approved in the 2019-20 annual Budget an allocation of Rupees 50 Lakhs for the same purpose. Accordingly, the construction began with Dr. Joseph Mar Thoma Metropolitan laying the foundation stone on June 15, 2020, and the work is progressing. As and when the Thiruvalla bypass was under construction, the Council decided to erect a gate and construct a road towards the Chairman's Road to reduce the traffic congestion at the SCS junction, and allocated Rupees 15 Lakhs in the 2018-19 budget and Rupees 25 Lakhs in the 2019-20 budget. The budget was discussed and approved by the Sabha Prathinidhi Mandalam that met on September 13, 14, 2019, and completed the construction on June 27, 2020 and Dr. Joseph Mar Thoma Metropolitan inaugurated the project with a word of prayer.

The Sabha Council decided to dismantle the SCS LPS building which was in a deteriorated condition for several years and categorized by the government requiring emergent attention, and construct a building for both MT & EA Schools Corporate Management Office and SCS LPS near the SCS High School.

Sabha Council decided to demolish and reconstruct the worn-down building of the Titus II Teachers' College at the same location utilizing Rupees 2 Crore from the RUSA fund allocated by the central government.

After the news came out on May 6, 2021, regarding the clamping of a complete lock-down in Kerala State from May 8, 2021, written applications were received with recommendations from the concerned Vicars of Maramon Mar Thoma Church and Mangalam St. Thomas Mar Thoma Church on May 6, 2021, by evening, seeking permission to conduct the marriages that were scheduled for Saturday, May 8, 2021, to be solemnized at the respective churches after 6.00 pm on Friday evening, May 7, 2021, in the context of the declared lock-down. By understanding the difficulties of the brides and the grooms and their families and based on humanitarian grounds, granted special permissions to solemnize those marriages. The marriages were solemnized at Maramon Mar Thoma Church and Mangalam St. Thomas Mar Thoma Church on Friday, May 7, 2021 after 6.00 pm. The same information was reported at the Episcopal Synod which met subsequently.

Besides, the Sabha Council approved the bye-law of MCRD to register it as a society for making its activities efficient. Decided to begin the activities of the Light to Life

India by registering it as a society and the society was registered. Moreover, the decision taken unanimously to appoint Rev. K.G. Joseph, Dr. Susamma Mathew, and Dr. Koshy Mathai to the Nicholson School Governing Board for the period of 2020-2023 is presented to the approval of the Sabha Prathinidhi Mandalam. This statement in accordance with Sabha Constitution Clause 390 (C) is reported to the Mandalam meeting because of the circumstance in which the Madalam meeting could not be convened in 2020 as scheduled.

This statement is reported at the Prathinidhi Mandalam meeting and thereby approved and confirmed.

## Other Decisions

1. The Mandalam meeting approved the resolution "to approve the expenses incurred without or exceeding the budgetary provisions for the year 2019-2020" for the Church and its institutions after discussions.

2. Sabha Mandalam approved the printed and published annual administrative report and income-expenditure accounts for the period of 01-04-2019 to 31.03-2020 and passed with a majority opinion the audited statement of accounts and the balance sheet, each in respect of the Church, Vaideeka Seminary, Sabha Book Depot, Malankara Sabha Tharaka, MT & EA Schools Corporate Management, Episcopal Jubilee Institute, JMM Study Centre, TMAM Research & Orientation Centre, MT Industrial Training Centre, MCRD, Easow Mar Timotheos Centre for Evangelism & Rural Development Sihora, Easow Mar Timotheos Memorial Evangelists' Training Centre Hoskote, and JM & MA Memorial Centre for Holistic Development Ayroor.

3. Sabha Mandalam passed with a majority opinion the budget for the financial year 2020-2021 for the Church, Vaideeka Seminary, Sabha Book Depot, Malankara Sabha Tharaka, MT & EA Schools Corporate Management, Episcopal Jubilee Institute, JMM Study Centre, TMAM Research & Orientation Centre, MT Industrial Training Centre, MCRD, Easow Mar Timotheos Centre for Evangelism & Rural Development Sihora, Easow Mar Timotheos Memorial Evangelists' Training Centre Hoskote, and JM & MA Memorial Centre for Holistic Development Ayroor.

4. Mandalam approved the appointment of the following auditors by the Sabha Council for the year 2020-2021.

1. M/s Cheriyan & Cheriyan., Kottayam
2. M/s Reji John & Co., Kottayam
3. M/s Kuruvilla & Co., Pathanamthitta,
4. M/s Thomas Mathew & Associates, Thiruvalla
5. M/s Thomas Jacob & Co., Trivandrum,
6. M/s Johanen & Co., Chennai
7. M/s Koshal & Co., Madhya Pradesh
8. M/s Jacob Kovoor & Co., Cochin
9. M/s K.I Abraham & Co., Thiruvalla
10. M/s Jacob Abraham & Co., Chenganoor

5. In the context of inability to convene the Annual Sabha Prathinidhi Mandalam for 2019-2020, and based on the budgetary allocations made by the Sabha Council anticipating the approval by the Mandalam, the Mandalam meeting approved all the expenses of the Church and the 12 institutions under the control of the Prathinidhi Mandalam that incurred between 2020 April 1 to 2021 March 31.

6. Sabha Mandalam approved the printed and published annual report and income-expenditure accounts for the period of 01-04-2020 to 31-03-2021 and passed with a majority opinion the audited statement of accounts and the balance sheet, each in respect of the Church, Vaideeka Seminary, Sabha Book Depot, Malankara Sabha Tharaka, MT & EA Schools Corporate Management, Episcopal Jubilee Institute, JMM Study Centre, TMAM Research & Orientation Centre, MT Industrial Training Centre, MCRD, Easow Mar Timotheos Centre for Evangelism & Rural Development Sihora, Easow Mar Timotheos Memorial Evangelists' Training Centre Hoskote, and JM & MA Memorial Centre for Holistic Development Ayroor.

7. Sabha Mandalam passed with a majority opinion the budget for the financial year 2021-2022 for the Church, Vaideeka Seminary, Sabha Book Depot, Malankara Sabha Tharaka, MT & EA Schools Corporate Management, Episcopal Jubilee Institute, JMM Study Centre, TMAM Research & Orientation Centre, MT Industrial Training Centre, MCRD, Easow Mar Timotheos Centre for Evangelism & Rural Development Sihora, Easow Mar Timotheos Memorial Evangelists' Training Centre Hoskote, and JM & MA Memorial Centre for Holistic Development Ayroor.
8. The motion, "Permission be given to the Sabha Council to spend during the first six months of 2022-2023, amounts not exceeding 6/12 of what would be spent during the year 2021-2022" was adopted with a majority opinion.

9. The Mandalam unanimously approved the resolution of the Sabha Council to appoint the following as auditors for 2021-2022.

    1. M/s Cheriyan & Cheriyan, Kottayam
    2. M/s Reji John & Co., Kottayam
    3. M/s Kuruvilla & Co., Pathanamthitta
    4. M/s Thomas Mathew & Associates, Thiruvalla
    5. M/s Thomas Jacob & Co., Trivandrum
    6. M/s Johanen & Co., Chennai
    7. M/s Koshal & Co., Madhya Pradesh
    8. M/s Jacob Kovoor & Co., Cochin
    9. M/s K.I Abraham & Co., Thiruvalla
    10. M/s Jacob Abraham & Co., Chenganoor

10. Study-Topic: A study was conducted through Zoom webinar on the topic: 'Challenges and Responses to the Post-Covidian Ministerial Space' on October 7, 2021.

11. Elections were conducted for the following positions for the period of 2020-2023. The election of the Sabha Council members was conducted at the Diocesan and regional levels in accordance with the Sabha Constitution Clause 164. The names of those elected are stated below.

**Sabha Council 2020-2023**

**Office Bearers**

| | |
|---|---|
| 1. Sabha Secretary | - Rev. C.V. Symon |
| 2. Clergy Trustee | - Rev. Monsi K. Philip |
| 3. Lay Trustee & Treasurer | - Mr. Rajan Jacob |

**Niranam-Maramon Diocese**

| | |
|---|---|
| 1. Rev. Shaji Thomas | - Nedumpram Christhose |
| 2. Adv. Anzil Zachariah | - Anamala St. Thomas |
| 3. Mr. M.A. Mathai | - Kallooppara Bethel |
| 4. Prof. Jolly Annie Abraham | - Kozhencherry St. Thomas |

**Delhi Diocese**

| | |
|---|---|
| 1. Rev. Mathew K. Muthalaly | - Faridabad All Saints |
| 2. Capt. J.M. Thomas | - New Delhi St. James |
| 3. Mrs. Jeemol Varghese | - Bhopal St. Peters |

**Kottarakkara-Punalur Diocese**

1. Rev. Johnson Philip - Pooyappally St. Thomas
2. Mr. K.G. Abraham - Vilakkuvattom Mar Thoma
3. Mr. P.E. Binu - Avaneeswaram Immanuel
4. Mrs. Mariamma Solomon - Pulamon Bethel

**Mumbai Diocese**

1. Rev. Varghese Mathew (Kalyan) - Pimpri St. Thomas
2. Dr. John Mathew (Roy) - Thane Mar Thoma
3. Dr. Mary Abraham Mathews - Vashi St. Pauls

**Thiruvananthapuram-Kollam Diocese**

1. Rev. Dr. Renjan John - Kovilloor Salem Mar Thoma
2. Mr. Abraham Thomas - Thiruvananthapuram St. Thomas
3. Mr. JijuOommen - Malapperoor Immanuel
4. Mrs. Jessy Jose - Kaithakuzhy St. Thomas

**Chengannur-Mavelikkara Diocese**

1. Rev. Dr. T.T. Zachariah - Othara St. Pauls
2. Mr. Thomas Alexander (Sam Chempakathil) - Elanthur Mar Thoma Valiya Pally
3. Mr. Modi P. George - Kannamangalam St. Pauls
4. Mrs. Joyamma Koshy - Thittamel Trinity

**Ranny-Nilackal Diocese**

1. Rev. George Thomas (Niranam) - Ranny Christhose
2. Mr. Abin Thomas - Mandamaruthi Bethel
3. Mr. Sam C. Koshy - Omalloor Mar Thoma
4. Mr. Benny Puthenparambil (Thomas Mathew) - Vadasserikkara Carmel
5. Mrs. Reji Thomas - Vayalathala St. Thomas

**North America-Europe Diocese**

1. Rev. Binu J. Varghese - London St. Johns
2. Mrs. Checha John - New York Staten Island
3. Mr. John Titus - Greater Seattle
4. Mr. Sunny Abraham - Philadelphia Mar Thoma

**Adoor Diocese**

1. Rev. P.J. Varghese - Vettiyar St. Thomas
2. Dr. Selin Abraham - Pathanapuram Immanuel
3. Mr. Jospeh Varghese - Iranikudi Immanuel
4. Mr. Mathews George Chunakkara - Chunakkara St. Thomas

**Kottayam-Kochi Diocese**

1. Rev. Bobby Philip - Vadavathoor St. Stephens
2. Mr. Abbey Varghese John - Aluva St. Thomas
3. Dr. Anna Mathew - Karukachal St. Thomas
4. Mr. Eapen Mathew - Thelliyoor Christhose

**Chennai-Bangalore Diocese**

1. Rev. Prasad Mathew - Coimbatore Mar Thoma
2. Mrs. Latha Mary C. Mathew - Vellore St. Thomas
3. Mr. Shajan M. George - Jalahalli Ebenezer

**Kunnamkulam-Malabar Diocese**

1. Rev. S. George - Chungathara Mar Thoma College
2. Mr. Baby Mathew - Palakkad St. Thomas
3. Mrs. Anila Sunil - Kattumunda Sehion

**Malaysia-Singapore-Australia-New Zealand Diocese**

1. Mr. George Varghese - Auckland St. Thomas

**Gulf Region**

1. Mr. Manoj Mathew M. - Kuwait Salmiya St. Thomas

**Vaideeka Selection Committee**

**Clergy:**

1. Rev. Dr. Easow Mathew
2. Rev. Dr. A. John Philip
3. Rev. Dr. Sham P. Thomas
4. Rev. Abey T. Mammen
5. Rev. Thomas Koshy P.

**Laity:**

1. Dr. Jesudas Athyal
2. Prof. C. Mamachen
3. Mr. C.V. Varghese
4. Adv. Prasad George
5. Mr. Jossy Kurian
6. Adv. Jose K. Joy
7. Mr. Shaji P.T.
8. Mr. Alex Cherian

Since a petition is received regarding the election of Council members from the Adoor, Chengannoor - Mavelikkara and Kunnamkulam - Malabar Diocese, the validity of the appointment of the members elected from that Diocese will be subject to the findings of the commission appointed by the Metropolitan and the decision of the Metropolitan.

തിരുത്തലുകൾ

| ഭാഗം. | പേജ് | കോളം | ലൈൻ | തെറ്റ് | ശരി |
|---|---|---|---|---|---|
| Annual Report 2019--2020 | | | | | |
| I | 5 | 1 | 3 | ജോളി ജോൺ | ജോളി ജോസഫ് |
| 'ണ്ട' എന്ന അക്ഷരം വിട്ടു പോയിട്ടുള്ള ഭാഗത്ത് 'ണ്ട' ചേർത്തു വായിക്കേണ്ടതാണ് | | | | | |
| Annual Report 2020-2021 | | | | | |
| I | 7 | 4 | 9 | 7,00,000.00 | 27,00,000.00 |
| II | 3 | 1 | Item 32(17) | കോശി മത്തായി | കോശി ശാമുവേൽ |
| II | 3 | 1 | Item 32 (18) | കോശി മത്തായി | കോശി ശാമുവേൽ |
| II | 123 | 2 | 4 | 1 | 3 |
| II | 27 | 2 | സഭാ കൗൺസിൽ | ----- | ഡോ. ജോൺ മാത്യു ചേർക്കണം |
| II | 119 | 1 | സഭാ ബുക്ക് ഡിപ്പോ | 13 ലക്ഷം | 10 ലക്ഷം |
| II | 3 | 33(1) | | എം.ജി.യൂണിവേഴ്സിറ്റി | കേരള യൂണിവേഴ്സിറ്റി |
| II | 4 | 1 | | ജൂലൈ-7 | ജൂലൈ -12 |
| III | 15 | | Item 25 | ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ മെമ്മോറിയൽ ബിൽഡിംഗ് (കുമ്പനാട് ഹോസ്പിറ്റൽ/ എം.ജി യൂണിവേഴ്സിറ്റി മാർ ക്രിസോസ്റ്റം ചെയർ | ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ മെമ്മോറിയൽ പ്രോജക്ട് (കുമ്പനാട് ഹോസ്പിറ്റൽ/എം.ജി യൂണിവേഴ്സിറ്റി മാർ ക്രിസോസ്റ്റം ചെയർ |